**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 6286 31/10/2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായം

ചോദ്യം ഉത്തരം

ശ്രീമതി. പി. അയിഷാ പോറ്റി : ഡോ. എം.കെ. മുനീർ :

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) കാൻസർ രോഗികളുടെ സഹായത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; | (എ) യും (ബി) യും (സി) യും 2011-12 ലെ ബഡ്ജറ്റിൽ 'ക്യാൻസർ, ഹൃദയ, വൃക്ക രോഗികൾക്കുള്ള പ്രത്യേക സഹായ പദ്ധതി- പ്രത്യേക നിധി' -ക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദ പുവർ' പദ്ധതിപ്രകാരം , വാർഷികവരുമാനം 24,000 രൂപയിൽ താഴെയുള്ള ക്യാൻസർ രോഗികൾക്ക് പരമാവധി 10,000 രൂപ വരെ ചികിത്സാ സഹായം നൽകി വരുന്നുണ്ട്. 'ചിസ്പ്ളസ്' പദ്ധതി പ്രകാരം ക്യാൻസർ രോഗികൾക്ക് RSBY കാർഡുപയോഗിച്ച് 70,000 രൂപ വരെ പ്രതിവർഷം ചികിത്സാ സഹായം ലഭിക്കുന്നതാണ്. 18 വയസ്സിൽ താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷാ പദ്ധതി. ടി പദ്ധതിപ്രകാരം കുട്ടികൾക്ക് ക്യാൻസർ സംബന്ധമായ പരിശോധനകൾ , ചികിത്സ, സർജറി, മരുന്ന് തുടങ്ങിയവ സൗജന്യമായി അംഗീകൃത ചികിത്സാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി ടി പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) നിർദ്ധനരായ കാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കുന്നുണ്ടോ; | |
| (സി) ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | |

R. Vijayakumar

സെക്ഷൻ ഓഫീസർ